# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 198** **07.08.2017**-ൽ മറുപടിക്ക്

## സുകൃതം പദ്ധതി

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൗജന്യ കാൻസർ ചികിത്സാപദ്ധതിയായ സുകൃതം പദ്ധതിയിലേക്കുള്ള മരുന്നു വിതരണം നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണ്; | എ)& ബി) | ദാരിദ്രരേഖയ്ക്കു താഴെയുള്ള കാൻസർ രോഗികൾക്കു വേണ്ടി നടപ്പിലാക്കിയ സുകൃതം പദ്ധതി നിർത്തി വയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി വിവിധ മരുന്നു കമ്പനികൾക്ക് നൽകേണ്ടിയിരുന്ന കുടിശ്ശിക, ഫണ്ടിന്റെ അപര്യാപ്തത മൂലം യഥാസമയം നൽകാൻ കഴിയാത്തതിനാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴിയുള്ള സുകൃതം പദ്ധതിയ്ക്കു വേണ്ടിയുള്ള മരുന്നു വിതരണം താൽക്കാലികമായി തടസ്സപ്പെട്ടെങ്കിലും ഒരു രോഗിക്കും ഇതുമൂലം ചികിത്സ ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടില്ല. ഇക്കാര്യം ഉറപ്പാക്കുന്നതിന് കാൻസർ രോഗികൾ ഏറെയും ആശ്രയിക്കുന്ന തിരുവനന്തപുരം ആർ.സി.സി യും മലബാർ കാൻസർ സെന്ററും മറ്റു സ്ഥാപനങ്ങളും തനതു ഫണ്ടുപയോഗിച്ച് പദ്ധതി ഇപ്പോഴും തുടർന്നു വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാൻസർ രോഗികൾക്ക് സാധാരണ നൽകി വരുന്ന കീമോതെറാപ്പി മരുന്നുകൾ സൂപ്രണ്ടിന്റെ അധീനതയിലുള്ള ഫാർമസി വഴിയും RSBY പദ്ധതി വഴിയും കാരുണ്യ ബെനവലെന്റ് പദ്ധതി വഴിയും ലഭ്യമാക്കിയിരുന്നു. കാരുണ്യ ഫാർമസി വഴിയുള്ള മരുന്നു വിതരണത്തിലെ കുടിശ്ശിക തുക നൽകുന്നതിനായി 23,67,23,879/- രൂപ KMSCL മുഖേന വിട്ടു നൽകുന്നതിന് ഇതിനകം ഉത്തരവായിട്ടുണ്ട്. |
| ബി) | ഇതുമൂലം രോഗികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ; | | |
| സി) | മരുന്ന് വിതരണം കാര്യക്ഷമമല്ലാത്തത് കാരണം പദ്ധതിയിലേക്ക് പുതിയ രോഗികളെ രജിസ്റ്റർ ചെയ്യുന്നത് നിർത്തിവച്ച സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പദ്ധതി നടത്തിപ്പിൽ ഉണ്ടായ അലംഭാവത്തിന് ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ? | സി) | സുകൃതം പദ്ധതി ഒരു ചികിത്സാ ധനസഹായ പദ്ധതിയാണ്. കാരുണ്യ, താലോലം, ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികളുടെ ആനുകൂല്യം പ്രയോജനപ്പെടുത്തിയ ശേഷം അധികമായി വരുന്ന സാമ്പത്തിക ബാധ്യതയാണ് സുകൃതത്തിലൂടെ നൽകി വരുന്നത്. മരുന്ന് വിതരണം സുകൃതം പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്. സ്വയം ഭരണാവകാശമുള്ള കാൻസർ സെന്ററുകളിൽ തനതു ഫണ്ട് ഉപയോഗിച്ച് പദ്ധതി നടത്തുന്നതിനാൽ പുതിയ രോഗികളെ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമുണ്ടായിട്ടില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**